ബൈക്കിൽ വണ്ടി പിടിക്കാൻ പോവുകയുണ്ടായി. പോകുന്ന വഴിക്ക് മറ്റന്നൂർകരവച്ച് ജോയിയെ തടഞ്ഞ് തിരിച്ചയയ്ക്കുകയാണുണ്ടായത്. അവിടെ ബന്ദ് നടന്ന സമയത്ത് പോലീസുകാർ കാഴ്ചക്കാരായി നോക്കിനിൽക്കുകയായിരുന്നു എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ്. പ്രത്യേകിച്ച് മണിമല സ്റ്റേഷനും എരുമേലി സ്റ്റേഷനും അനാവശ്യമായ ബന്ദ് തടയുന്നതിന് യാതൊരു നടപടിയും എടുത്തില്ല. ഡെയ്സി രാജു ഒരു ആസ്ത്മ പേഷ്യന്റ് ആയിരുന്നു. അവർ ഒരു മണിക്കൂറിനകം ഓക്സിജൻ കിട്ടേണ്ട രോഗിയായിരുന്നു. സണ്ണി ഹോസ്പിറ്റലിൽ എത്തുന്നതിന് രണ്ട് മിനിട്ട് മുമ്പ് അവർ മരിക്കാനുള്ള സാഹചര്യമാണ് ഉണ്ടായത്. തീർച്ചയായിട്ടും അനാവശ്യമായ ബന്ദുമായിട്ട് ബന്ധപ്പെട്ട ആളുകളുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കണം. ഇനിമേലാൽ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഇങ്ങനെയുള്ള സംഭവങ്ങൾ ഒരിക്കലും ഉണ്ടാകാൻ പാടില്ല. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പ്രശ്നം ഗവൺമെന്റ് ഗൗരവമായിട്ടാണ് കാണുന്നത്. അവിടെ ഒരു ഹർത്താൽ നടന്നു. ഹർത്താൽ അനുകൂലികൾ രാവിലെ വാഹനങ്ങൾ തടഞ്ഞതിനെ തുടർന്ന് വാഹനങ്ങളൊന്നും ഓടിക്കണ്ട എന്ന് അവിടത്തെ ടാക്സിഡ്രൈവർമാർ തീരുമാനിച്ചു. അന്ന് വാഹനങ്ങളൊന്നും ഓടിയില്ല. ഡെയ്സി രാജുവിന് അസുഖം വന്ന സമയത്ത് വണ്ടി കിട്ടിയില്ല. ഒരു സ്വകാര്യ വാഹനത്തിൽ എത്തിച്ചത് വൈകിപ്പോയി. അത് വിമർശനത്തിന് ഇടയായിട്ടുണ്ട്. അതിനെക്കുറിച്ച് സമഗ്രമായി അന്വേഷണം നടത്തും. പോലിസിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ ഇതിനോടകംതന്നെ ദക്ഷിണമേഖലാ ഐ. ജി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഹർത്താൽ നടത്തിയവർക്ക് ഇതിൽ എത്രമാത്രം പങ്കുണ്ട് എന്നുള്ളതുനോക്കി അതിനെതിരെ നിയമനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(3) മാവൂർ ഗ്രാസിം കമ്പനി അടച്ചു പൂട്ടിയതിനെ തുടർന്ന് തൊഴിലില്ലാതായ കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, 2001-ൽ അടച്ചു പൂട്ടിയ മാവൂർ ഗ്രാസിം കമ്പനി ഒരു വൻകിട വ്യവസായ സ്ഥാപനമാണ്. അവിടെ മാനേജുമെന്റ് അംഗീകരിച്ച 1384 കാഷ്വൽ കരാർ തൊഴിലാളികൾക്ക് കമ്പനി അടച്ചുപൂട്ടുന്ന സന്ദർഭത്തിൽ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ആയിരുന്നില്ല. മാവൂർ ഗ്വാളിയർ റെയോൺസിന്റെ വളർച്ചയിൽ കോടിക്കണക്കിന് രൂപ ലാഭം ഉണ്ടാക്കുന്ന കാര്യത്തിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുള്ള തൊഴിലാളികളാണ്. ആ കരാർ കാഷ്വൽ തൊഴിലാളികൾ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സമരത്തിലാണ്. സമരം ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കെതിരെ പോലീസും റവന്യൂ ഡിപ്പാർട്ടുമെന്റും നിരവധി കേസുകൾ കൊടുത്തിട്ടുണ്ട്. കള്ളക്കേസുകളാണ് അതിൽ ഏറ്റവും കൂടുതൽ ഉള്ളത്. തൊഴിൽ വകുപ്പ് മുൻകൈ എടുത്തുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുമെന്നാണ് ഇപ്പോഴും തൊഴിലാളികൾ പ്രതീക്ഷിക്കുന്നത്. നിരവധി കോൺഫറൻസുകൾ നടത്തിയെങ്കിലും ഗ്വാളിയർ റയോൺസ് മാനേജുമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രശ്നത്തിന് ന്യായമായ പരിഹാരം ഉണ്ടാക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. മാനേജുമെന്റിനെക്കൊണ്ട് തൊഴിലാളികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തിരമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഗവൺമെന്റിനെപോലും മാനേജുമെന്റ് വെല്ലുവിളിക്കുകയാണ്. ഈ മാനേജുമെന്റിന്റെ ദാർഷ്ഠ്യത്തിനുമുൻപിൽ മുട്ടുമടക്കാതെ തൊഴിലാളികൾക്ക് അനുകൂലമായ ഒരു നിലപാട് സ്വീകരിക്കുന്നതിനുവേണ്ടി അടിയന്തിരമായ ഇടപെടൽ ഉണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ 1384 കാഷ്വൽ കരാർ തൊഴിലാളികളുടെ പ്രശ്നമാണ് അവശേഷിക്കുന്നത്. അതിനു മുൻപുള്ള സ്ഥിരം ജീവനക്കാരുടെ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്ത് എല്ലാപേർക്കും സ്വീകാര്യമായ രീതിയിൽ രമ്യമായി പരിഹരിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് മാനേജുമെന്റ് എടുത്തിട്ടുള്ള നിലപാട് കരാർ കാഷ്വൽ തൊഴിലാളികൾക്ക് അങ്ങനെ കോമ്പൻസേഷൻ കൊടുക്കുന്ന കീഴ്വഴക്കം സൃഷ്ടിക്കാൻ അവർ തയ്യാറല്ല. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും വ്യവസായം നടത്തുന്നവരെന്ന നിലയിൽ അങ്ങനെ ഒരു കാര്യത്തിന് അവർ മുന്നോട്ട് വരുന്നില്ല. നിരവധി ചർച്ചകൾ നടന്നു, അവർ അതിനെ pursue ചെയ്യാൻ വേണ്ടി പരമാവധി ശ്രമിച്ചു. ഇതിനകത്ത് 1384 എന്ന ആ ഒരു നമ്പർ തീരുമാനിക്കുന്നതിനുതന്നെ കഴിയാത്ത ഒരു സാഹചര്യമുണ്ട്. 1384 പേരുടെ കാര്യം പറഞ്ഞു കഴിയുമ്പോൾ മറ്റ് ഡിപ്പോകളിലും മറ്റുമുള്ള ഒരുപാടു തൊഴിലാളികൾ ഉണ്ട്. അവരുടെ പ്രശ്നവും സ്വാഭാവികമായി ഉയർന്നുവരും. ഇപ്പോൾ മാനേജുമെന്റ് ഭയക്കുന്നത് ഇതാണ്, ഇതിന് അന്തിമമായ ഒരു നമ്പർ തീരുമാനിക്കണം. പിന്നെ ഈ കീഴ്വഴക്കം സൃഷ്ടിക്കാൻ അവർ തയ്യാറല്ല. ഇതിനെ സംബന്ധിച്ച് നിരവധി കേസുകളുണ്ട്. അവിടെ സമരം ചെയ്തുകൊണ്ടിരുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിയിൽ പോയി പോലീസ് പ്രൊട്ടക്ഷൻ വാങ്ങിയിട്ട് അവരുടെ ഈ ഡിസ്മാന്റിലിംഗിന് ഒരു ബുദ്ധിമുട്ടും ഉണ്ടാകാത്ത നിലയിൽ പോലീസ് പ്രൊട്ടക്ഷൻ കൊടുക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ചാണ് പോലീസ് അവിടെ പ്രൊട്ടക്ഷൻ കൊടുക്കുന്നത്. എങ്കിലും അവസാനമായി എന്റെ നേതൃത്വത്തിലും അതുപോലെ ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും നിരവധി ചർച്ചകൾ നടന്നു. അവസാനം നടന്ന ചർച്ച 16-2-2005-നാണ്. അവിടെവച്ച് ഒരു ഏകദേശ ധാരണ—ഇത്ര തുകയെങ്കിലും കൊടുത്ത് ഇത് അവസാനിപ്പിക്കണമെന്ന് കർശനമായ ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. അതിനെ സംബന്ധിച്ച് പ്രതികരിക്കാൻ 15 ദിവസം കൂടി വേണമെന്നാണ് മാനേജുമെന്റ് പറഞ്ഞിട്ടുള്ളത്. ആ 15 ദിവസം ഇന്ന് തികയുകയാണ്. ഇതിനകം എന്തെങ്കിലും പ്രതികരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാം. ഇല്ലെങ്കിൽ ഇത് നിരന്തരമായി നടക്കുന്ന, ഇത്രയും നീണ്ടുപോകുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാൻ കഴിയുന്നില്ലായെങ്കിൽ മറ്റ് എന്ത് മാർഗ്ഗമുണ്ട് എന്നതിനെക്കുറിച്ചും നമുക്ക് ആലോചിക്കാവുന്നതാണ്.

[10 A.M.]

LIBRARY ARCHIVES Kerala Legislative Assembly